ഗ്രാമവികസന എഞ്ജൻസികൾ

58. [1544] ശ്രീ. ജോർജ് മസ്ക്രീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ഗ്രാമവികസന എഞ്ജൻസികൾ പുനഃസംഘടിപ്പിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറിനെ ജില്ലാ ഗ്രാമവികസന എഞ്ജൻസി ഭരണസമിതിയുടെ ചെയർമാനായും ജില്ലാ കളക്ടറെ എക്സിക്യൂട്ടീവ് ഡയറക്ടറായും നിയമിച്ച് ഭരണസമിതി രൂപീകരിക്കുന്നതിനുവേണ്ടി ഗ്രാമവികസന എഞ്ജൻസിയുടെ ബൈലായിൽ ആവശ്യമായ ഭേദഗതി വരുത്താനുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാപേർക്കും സർക്കാരിൽനിന്നും നൽകിയിട്ടുണ്ട്. ഇത് കൂടാതെ ഇത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ ഗ്രാമവികസന കമ്മീഷണറുടെ 29-2-1996-ലെ ഐ. ആർ. ഡി. 2/37117/95/സി. ആർ. ഡി. കത്തുപ്രകാരം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

ട്രൈസം പദ്ധതി

59. [1545] ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രൈസം പദ്ധതിയനുസരിച്ച് എത്ര ബ്ലോക്കുകളിൽ എത്ര പേർക്കുവീതം പരിശീലനം നൽകി ;

(ബി) ആരാണ് പരിശീലനം നൽകുന്നത് ;

(സി) എത്ര ട്രേഡുകളിൽ പരിശീലനം നൽകുന്നുണ്ട് ;

(ഡി) പരിശീലനകാലത്ത് എത്ര രൂപ വീതം ആണ് സ്റ്റൈപെൻറ് നൽകുന്നത് ;

(ഇ) സ്റ്റൈപെൻറ് ഇനത്തിൽ ചെലവായ തുകയെത്രയാണ് ;

(എഫ്) പരിശീലനത്തിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ജി) പരിശീലനത്തിന് തെരഞ്ഞെടുക്കുമ്പോൾ പട്ടിക ജാതി-പട്ടിക വർഗ്ഗക്കാർക്കും വനിതകൾക്കും മുൻഗണന നൽകുമോ ;

(എച്ച്) പരിശീലനം ലഭിച്ച എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ട്രൈസം പദ്ധതിയനുസരിച്ച് 1995-96 സാമ്പത്തിക വർഷത്തിൽ (31-1-1996 വരെ) 4064 പേർക്ക് പരിശീലനം നൽകി. എത്ര ബ്ലോക്കുകളിലായാണ് പരിശീലനം നൽകിയത് എന്ന വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ. ററി. സികൾ, പോളിടെക്നിക്കുകൾ, ഐ. ടി. ഐ.കൾ, മററ് അംഗീകൃത പരിശീലന സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും, വിദഗ്ദ്ധ തൊഴിലാളികളുടെ (മാസ്ററർ ക്രാഫ്ററ്മെൻ) കീഴിലുമാണ് പരിശീലനം നൽകുന്നത്.

(സി) 99 ട്രേഡുകളാണ് പരിശീലനം നൽകുവാൻവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളവ.

(ഡി) ഈ. ററി. സി., പോളിടെക്നിക്ക്, ഐ.ററി.ഐ., ടെക്നോളജി പാർക്ക് തുടങ്ങിയ ഗവൺമെൻറ് അംഗീകൃത പരിശീലന സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നവർക്ക് പ്രതിമാസം 500 രൂപ വീതവും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, എംപ്ലോയ്മെൻറ് ആൻറ് ട്രെയിനിംഗ് ഡയറക്ടർ എന്നിവരുടെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നവർക്ക് പ്രതിമാസം 350 രൂപ വീതവും മുകളിൽ പ്രതിപാദിച്ച വിഭാഗങ്ങളിൽപ്പെടാത്ത സ്ഥാപനങ്ങളിലും, മാസ്ററർ ക്രാഫ്ററ്സ്മാൻമാരുടെ കീഴിലും പരിശീലനം തേടുന്നവർക്ക് പ്രതിമാസം 200 രൂപ വീതവുമാണ് പരിശീലന കാലത്ത് സ്റൈപെൻറ് നൽകുന്നത്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഐ. ആർ.ഡി.പി ലക്ഷ്യവിഭാഗത്തിൽപ്പെട്ട 18-നും 35-നും മദ്ധ്യേ പ്രായമുള്ളവർ പരിശീലനത്തിന് അർഹരാണ്. എന്നാൽ നിരാലംബരായ വിധവകൾ, വിമോചിതരായ അടിമപ്പണിക്കാർ, വലിയ വികസന പദ്ധതിമൂലം പുനരധിവസിക്കപ്പെട്ടവർ, കുഷ്ഠരോഗത്തിൽ നിന്നും സുഖം പ്രാപിച്ചവർ, ഗ്രാമപ്രദേശങ്ങളിലെ അനാഥാലയങ്ങളിലെ അന്തേവാസികൾ എന്നിവരെ സംബന്ധിച്ചിടത്തോളം വയസ് ക്ലിപ്തതയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

(ജി) പരിശീലനാർത്ഥികളിൽ 50% പട്ടികജാതി-പട്ടികവർഗ്ഗക്കാരും 40% വനിതകളുമാണ്.

(എച്ച്) 1995-96-ൽ പരിശീലനം ലഭിച്ച 4064 പേരിൽ 1154 പേർ സ്വയം തൊഴിൽ കണ്ടെത്തി. 2354 പേർ വേതനാടിസ്ഥാനത്തിൽ തൊഴിൽ കണ്ടെത്തിയിട്ടുണ്ട്.

ഈററത്തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ നടപടി

60. [1546] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈററത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിളിച്ചുകൂട്ടിയ യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തത് ;

(ബി) പരുത്തിപ്പള്ളി, പാലോട്, കുളത്തൂപ്പുഴ റെയിഞ്ചുകളിൽനിന്നും തലച്ചുമടായി ഈററകൊണ്ടുപോകുന്നതിന് ഇപ്പോഴും വനപാലകർ അനുവദിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാർ വിളിച്ചുകൂട്ടിയ യോഗത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കാമോ ?

ഉത്തരം

3-1-1996-ലെ യോഗതീരുമാനം താഴെക്കൊടുക്കുന്നു.

(എ) 1. കുട്ടംപുഴ റെയിഞ്ചിൽ ലഭ്യമാക്കിയിട്ടുള്ള ഈറ മുഴുവനും കേരള സ്റേററ് ബാംബൂ കോർപ്പറേഷൻ ശേഖരിച്ച് പരമ്പരാഗത തൊഴിലാളികൾക്ക് വിതരണം ചെയ്തശേഷം ബാക്കി ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറിന് നൽകണം.

LIBRARY ARCHIVES Kerala Legislative Assembly